# സാന്ത്വനം

കമല നല്ല ഉറക്കത്തിലായിരുന്നു.അർദ്ധരാത്രികഴിഞ്ഞ നേരത്ത് പൂർണ്ണനിദ്രയിലാകുന്നതൊരു തെറ്റല്ല. പകലന്തിയോളമുള്ള പണികൾക്കുശേഷംതണുത്ത വെള്ളത്തിൽ കുളിക്കുകകൂടി ചെയ്തു.

കുളി തണുത്തവെള്ളത്തിൽ തന്നെയാകണമെന്ന് കമലക്ക് നിർബന്ധമുണ്ട്. പ്രായം നാല്പ്പത്തിയഞ്ച് കഴിഞ്ഞെങ്കിലും അവളിന്നും ആരോഗ്യവതിതന്നെയാണ്. ഇരുണ്ടനിറമാണ്, ആവശ്യത്തിന് ഉയരവും. നിത്യനേയുള്ള അദ്ധ്വാനത്താൽ ശരീരത്ത് അധികരിച്ചതൊട്ടും തന്നെയില്ല.

അവളുടെ കിടപ്പ് മാർബിൾ വിരിച്ച തറയിൽ രണ്ട് തഴപ്പായയിൽ ഒരു ബഡ്ഷീറ്റ് വിരിച്ചാണ്. അതും ആറു ബെഡ്റൂമുകളും ഒരു ഹാളും സിറ്റൗട്ടും കിച്ചനുമുള്ള വീടിന്റെ സ്റ്റോർറൂമിൽ. ആറുബഡ്റൂമുകളുണ്ടെങ്കിലും സ്ഥിരമായി ഉപയോഗിക്കുന്നത് ഒരു റൂം മാത്രമാണ്; ബാക്കിമുറികളെല്ലാം ആഴ്ചയിലൊരിക്കൽ തുറന്ന് അടിച്ചുവാരി ശുദ്ധവായു നിറച്ച് പൂട്ടി സൂക്ഷിയ്ക്കുന്നു

ആ ഒരുമുറിയിലാണ് വീട്ടുടമസ്ഥനും ഭാര്യയും ഉറങ്ങുന്നത്.

കമല ഈ മുറിയിൽ എത്തിയിട്ട് മൂന്നുമാസമേ ആയിട്ടുള്ളൂ.അതിനുമുമ്പ് ഇരുപതുവയസ്സ് തികയാത്ത ഒരുപെൺകുട്ടിയുടെതായിരുന്നു. അവളെ കുടുബനാഥ പറഞ്ഞയച്ചതായിരുന്നു. സംശയകരമായ സാഹചര്യത്തിൽ കുടുബനാഥനെയും ആ പെൺകുട്ടിയെയും തനിച്ചുകണ്ടുയെന്നതാണ് ഹേതു.

പക്ഷെ, കമലക്ക് അദ്ദേഹത്തെകുറിച്ച് അങ്ങിനെയൊന്നും തോന്നിയിട്ടില്ല. വെളുത്തരോമങ്ങൾ കാണാതിരിക്കാൻ അദ്ദേഹം നിത്യവും ഷേവുചെയ്യുമെങ്കിലും, ആഴ്ചയിലൊരിക്കൽ മുടികറുപ്പിക്കുമെങ്കിലും ആ കണ്ണുകൾ നിഷ്ക്കളങ്കമായിട്ടാണ് തോന്നിയത്.

രാത്രി വളരെ വൈകിട്ട് ഭാര്യ സുഖസുഷുപ്തിയിലായികഴിഞ്ഞാലും അദ്ദേഹം ഓഫീസ് ഫയലുകൾ നോക്കിയിരിക്കാറുണ്ട. ് ആ സമയങ്ങളിൽ ചുക്കുകാപ്പിയുമായിട്ടവൾ അദ്ദേഹത്തിന്റെ അടുത്തേക്ക് പോയിട്ടുണ്ട്. ഒരിക്കൽ പോലും അദ്ദേഹത്തിന്റെ ശ്രദ്ധ ഫയലുകളിൽനിന്നും വ്യതിചലിച്ചുകണ്ടില്ല.

എങ്കിലും ഈ മൂന്നുമാസങ്ങൾക്കുള്ളിൽ നാലോ അഞ്ചോ പ്രാവശ്യം വീട്ടുടമസ്ഥ കമലയെ താക്കീതുചെയ്തിട്ടുണ്ട്, മര്യാദക്കുനിന്നാൽ ആജീവനാന്തം ഇവിടെ കഴിയാമെന്ന്.

അവർക്ക് കമലയുടെ പ്രായം ഉണ്ടെങ്കിലും കാഴ്ചയിലില്ല. അദ്ധ്വാനം ഇല്ലാത്ത ഓഫീസ് ജോലിയായതുകൊണ്ടാവാം ഇരിക്കുമ്പോൾ വയറിൽ ഒന്നിരണ്ടു മടക്കുകൾ വീണിട്ടുണ്ട്. കവിളുകൾ തുടുത്തിട്ടാണ്, ചുണ്ടുകൾ ലിപ്സ്റ്റിക്കില്ലാതെ ചുവന്നിട്ടും. ആദ്യകാഴ്ചയിൽ കമലകരുതിയത് അവർ നിത്യവും ബ്യൂട്ടിപാർലിൽ പോകുന്നുണ്ടെന്നാണ്. അങ്ങിനെയല്ലന്നറിഞ്ഞപ്പോൾ കമലക്ക് അവരോട് അതിയായ ബഹുമാനം തോന്നി; സ്വശരിരം വൃത്തിയായും ഭംഗിയായും സൂക്ഷിക്കുന്നതിൽ.

കമലക്ക് അതിന് കഴിഞ്ഞിട്ടില്ല. ആഗ്രഹമില്ലാഞ്ഞിട്ടല്ല, ജീവിതസാഹചര്യങ്ങൾ അങ്ങിനെയൊക്കെയായിരുന്നു.

സഫിയാക്ക് ഉമ്മയെ നല്ല ഓർമ്മയുണ്ട്; ഉമ്മ മരിക്കുമ്പോൾ അവൾക്ക് പതിമൂന്നാണ് പ്രായം; എട്ടാം തരത്തിൽ പഠിക്കുമ്പോൾ, ഉമ്മയുടെ മുഖം തന്നെയാണ് അവൾക്ക്, അത്രവെളുപ്പില്ലായെന്നുമാത്രം. നിറം ബാപ്പയുടെതായിപ്പോയി. എങ്കിലും തനിച്ചിരിക്കുമ്പോൾ, ഉമ്മയെ കാണണമെന്നും കൊതിതോന്നുമ്പോൾ കണ്ണാടിയിൽ സ്വമുഖംകണ്ടിട്ട് കണ്ണടച്ചിരിക്കും. അപ്പോൾ ഉമ്മ മനക്കോണിൽ പുഞ്ചിരിയുമായി തെളിഞ്ഞുവരും

ബാപ്പ കാസ രോഗിയായിരുന്നു. എങ്കിലും പാക്ക് കച്ചോ

ടം നടത്തിയും ആടുകളെ വാങ്ങിവിറ്റും അവർ തെറ്റില്ലാതെ ജീവിച്ചുവരികയായിരുന്നു. വീട്ടിലെ പണികളൊക്കെ കഴിഞ്ഞ് നിത്യേനയുള്ള നാട്ടുവർത്താനങ്ങൾ കഴിഞ്ഞ് തനിച്ചിരുന്ന് മടുത്തപ്പോളാണ് അവൾ മംഗളത്തിന്റെയും മനോരമയുടെയും ആരാധികയായത്.

പക്ഷെ അത് അവളുടെ ജീവിതത്തിന്റെ സന്തുലിതാവസ്ഥ ആകെ കീഴ്മേൽമറിച്ചു. അന്നമ്മ ബഷീറിന്റെ കൂടെ പോകുന്നതും പാത്തുമ്മ പാപ്പച്ചന്റെ കൂടെ ഒളിച്ചോടിയതും, തുളസിയെ ഖാദർ വിളിച്ചിറക്കിക്കൊണ്ടുപോന്നതും അവൾക്ക് ഹരമായി.

അതേ ചേതോവികാരത്തിൽ തന്നെയാണ് സഫിയ അ

കലെ നിന്നും നാട്ടിൽ പണിക്കെത്തിയ ചന്ദ്രന്റെ കൂടെ നാടുവിട്ടത്. കുറെനാൾ പലപല നാടുകൾ കണ്ട്  കറങ്ങിതിരി ഞ്ഞു. ജീവിതത്തിന്റെ പലപലമുഖങ്ങളും കണ്ടു. അപ്പോഴൊക്കെ അവൾ നിസ്സംഗയായിരുന്നു. അവൾ വായിച്ചിരുന്നതോ അങ്ങിനെയൊന്നുമായിരുന്നില്ല.

ദേശാടനശേഷം അവർ ചന്ദ്രന്റെ നാട്ടിലെത്തി, ഓല മേഞ്ഞ ഒരു കുടിലിൽ അവരെ സീകരിച്ചത് ചന്ദ്രന്റെ ആദ്യത്തെയും രണ്ടാമത്തെയും  ഭാര്യമാരും അവരുടെ മക്കളുമായിരുന്നു, അവരുടെ ഇടയിൽ സഫിയ കമലയായി.

ഓലമറച്ച രണ്ടുകിടപ്പറകളെ  ആ കുടിലിനുണ്ടായിരുന്നുള്ളു.  കമലക്കായിട്ട് ഇറയത്ത് മറകെട്ടിയതും ചന്ദ്രനായിരുന്നു. ചന്ദ്രന്റെ മക്കൾ അവളെ വിളിച്ചിരുന്നത് ചേച്ചിയെന്നായിരുന്നു. ചന്ദ്രൻ അവളുടെ മറക്കുള്ളിൽ എത്താത്ത രാത്രികളിൽ കൂട്ടായിട്ട് മക്കളെ അയക്കാൻ അയാൾ കൃത്യമായും ഓർക്കാറുണ്ടായിരുന്നു.

കമല ഞെട്ടിയുണർന്നു. എന്നിട്ടും കണ്ണുകൾ തുറന്നില്ല, അവളുടെ പായയിൽ, ശരീരത്ത് സ്പർശിച്ചുകൊണ്ട് ഒരാൾ.......

ആദ്യം ഉദ്ദേശിച്ചത് അദ്ദേഹമാണെന്നതാണ്. പക്ഷെ, അദ്ദേഹവും ഭാര്യയും പുറത്തുപോയിട്ട് ഇതേവരെ എത്തിയിരുന്നില്ല. അവരുടെ മടക്കം വെളുക്കുന്നതോടുകൂടിയായിരിക്കും മാസത്തിലൊരിക്കലെങ്കിലും ശനിയാഴ്ച രാവിൽ ഇപ്രകാരം  അവർ വീടിനുപുറത്തായിരിക്കും. വീക്കെന്റ് സെലിബ്രേഷനെന്നും, ഔട്ടിംഗ് എന്നുമൊക്കെയാണ് അവർ പറയുന്നത്. എന്തായിരിക്കിലും പിറ്റേന്ന്, ഞായറാഴ്ച ഉറക്കം തന്നെയാവും രണ്ടാളും.....

പെട്ടന്നാണ് ടിനുവിനെ ഓർമ്മിച്ചത്. അവൻ രണ്ടുദിവസമേ ആയിട്ടുള്ളൂ ഇവിടെയെത്തിയിട്ട്. വെളുത്തസുന്ദരനായകുട്ടി, മീശ കിളിർത്തുതുടങ്ങിയിട്ടുണ്ട്. കരുത്തൻന്മാരായ  മേൽമീശകൾക്കുവേണ്ടി ഷേവ് ചെയ്തിരിക്കുകയാണ് . അവൻ പ്ലസ് ടുവിനാണ് പഠിക്കുന്നത്. എങ്കിലും കൈകാലുകളും ഉയരവും അവന്റെ അച്ഛന്റെ  അത്രയും ആയിരുന്നു.

കമലക്ക് വീട്ടുടമസ്ഥനോടും ഉടമസ്ഥയോടുമുള്ള ഒരേയൊരു വിയോജിപ്പ് മകനെ വളരെ അകലെയുള്ള ബോർഡിംഗ് സ്ക്കുളിൽ പഠിപ്പിക്കുന്നതിലാണ്. ഒരേയൊരു മകൻ, ബുദ്ധിമാനും മിടുക്കനുമാണ്. പിന്നെന്തിന് വീട്ടിൽനിന്നും

അകറ്റിനിർത്തിയിരിക്കുന്നു.? അവൾ പലകഥകളിലും വായിച്ചിട്ടുണ്ട്, ജീവിതകഥകൾ കേട്ടിട്ടുമുണ്ട്; മക്കൾക്ക് സ്നേഹം കൊടുക്കാത്ത അച്ഛനമ്മമാരെക്കുറിച്ച് ........... മക്കളുടെ മാനസീക നിലകളെക്കുറിച്ച്......വഴി തെറ്റിപ്പോകാനുള്ള സാധ്യതകളെക്കുറിച്ച് .........

അപ്പോൾ സ്വന്തം മകനോ?

കമല ഉള്ളാലെ തേങ്ങുകയാണ്. അവളുടെ പതിനാറുവയസ്സിലാണ് അവൻ പിറന്നത്, അവന്റെ അച്ഛനെപ്പോലെ ദൃഢമായ കൈാലുകളും നെഞ്ചുമായിട്ട്. അവന്റെ തൊള്ളതുറന്നുള്ള ആ ചിരി,പല്ലുമുളയ്ക്കാത്ത മോണകാട്ടി...ആയിരംമുത്തംകൊടുത്താലുംമതിവരില്ലായിരുന്നു.

എന്നിട്ടും.,

എല്ലാം അവന് വേണ്ടിയാരുന്നു.

ചെറ്റയിൽ നിന്നും പിരിഞ്ഞുപോന്നതും, വാടകക്ക് താമസ്സിച്ചതും, അയലത്തെ പെൺകുട്ടികളെ മകനെ ഏല്പ്പിച്ച് കൂലിപ്പണിയ്ക്ക് പോയതും......

അവൻ കുറച്ച് വളർന്നപ്പോൾ വാടകവീടിന്റെ ഒരു മുറിയും അടുക്കളയും പോരെന്നുതോന്നി. പത്തുസെന്റ് സ്ഥലം സ്വന്തമാക്കിയൊരു വീടും വച്ചു. അവന് സൈക്കിളുവാങ്ങി, സൈക്കിൾ മാറ്റി ബൈക്കാക്കി.........

സാമാന്യ വിദ്യാഭ്യാസശേഷം അവൻ അലഞ്ഞുനടന്നപ്പോൾ വട്ടച്ചെലവിന് മുട്ടേണ്ടെന്നു കരുതിയാണ് പലിശക്ക് പണം കൊടുത്തുതുടങ്ങിയത്........ അതുവളർന്നാണ് പട്ടണത്തിലെ പണമിടപാടു സ്ഥാപനമായത്..............

ഇന്നവൻ നാട്ടുപ്രമാണിയായി....... മൂക്കിന് താഴെ കനത്തമീശയുള്ളവനായി.

പക്ഷെ, മുഖത്ത് നോക്കി തേവിടിശ്ശിയെന്നു വിളിച്ചപ്പോൾ സഹിക്കാനായില്ല.

ഞാൻ തേവിടിശ്ശിയെങ്കിൽ നീ അതിന്റെ സന്താനമാണ്........ നിന്റെ പത്രാസ്സും, കാറും, തൊലിവെളുത്ത പെണ്ണും അങ്ങനത്തെ കാശുകൊടുത്ത് വാങ്ങിയതാടാ.........

ഭ്രാന്തിയെപ്പോലെയാണ് വിളിച്ചു കൂവിയത്. മതിലുകൾക്ക് മുകളിലൂടെ ഒരു പാട്ടുതലകൾ ഉള്ളിലേയ്ക്ക് കണ്ണുനട്ട് നിന്നിരുന്നു.

ആ കണ്ണുകൾക്കെല്ലാം മുമ്പിൽ വച്ചാണവൻ മുടിക്കുത്തിൽ പിടിച്ച് വലിച്ചിഴച്ച് മുറിക്കുള്ളിൽ കയറ്റി നാഭിയിൽ ചവുട്ടിയത്.......

ഉമ്മാ.........!

കമലമനക്കോണിൽ ഉമ്മയുടെ ചിരിക്കുന്ന മുഖം കണ്ടു....... സമാധാനമായി....... മനസ്സ് തണുക്കുകയാണ് ........

ഉടനെ കണ്ണുതുറന്നുപോയി.

അവളോട് പറ്റിച്ചേർന്നു ടിനു.

അവന്റെ ഭയന്നുവിറച്ച മുഖമാണ്; ശരിയായിരിക്കാം

അവൻ ഭയന്നിരിക്കാം. ഈവലിയ വീടിന്റെഒരു കോണിലെ മുറിയിൽ ഒറ്റക്ക്, അനക്കങ്ങളും, ശബ്ദങ്ങളുമില്ലാതെ...........

കമല അവനെ തന്റെ മാറോട് ചേർത്തു കിടത്തി, തലമുടിയിഴകളിൽ, പുറത്ത് മെല്ലെ തലോടി................

അവൻ പ്ലസ്റ്റുവിൽ നിന്നും താഴേയ്ക്ക്, താഴേയ്ക്ക് ഊർന്നു വീഴുകയാണ്, കമലയുടെ കണ്ണുകളിൽ...............

വളരെ താഴെ, എൽ.കെജിയ്ക്കും താഴെ, പായിൽ മല

ർന്നുകിടന്ന് തൊള്ളകാണും വിധം ചിരിക്കുന്ന, പല്ലുമുളയ്

ക്കാത്ത മോണകാണും വിധം........

അവൾ ബ്ലൗസ്സിന്റെ ഹുക്കുകൾ ഊരി, ബ്രായുടെ കൊളുത്തൂരി, അവന്റെ ചുണ്ടുകൾക്കിടയിലേക്ക് വലതു മുലക്കണ്ണ് തിരുകിവച്ചു.

അവന്റെ ചുണ്ടുകൾ ചലിച്ചപ്പോൾ മുലകൾ ചുരന്നു.

സാന്ത്വനമായി........

&&&&&&